**അഖില മലങ്കര ഗായകസംഘ സംഗമം ഫെബ്രുവരി 13-ന് പാമ്പാടിയിൽ**

കോട്ടയം : ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്കിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന മൂന്നാമത് അഖില മലങ്കര ഓർത്തഡോക്സ് ഗായകസംഘ സംഗമം (സ്മർ ശുബഹോ) ഫെബ്രുവരി 13 ചൊവ്വാഴ്ച പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നടക്കും.

രാവിലെ 9-ന് വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ.ഡോ. ഒ. തോമസിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ സംഗമത്തിന്റെ ഉദ്ഘാടനം പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് നിർവ്വഹിക്കും. ശ്രുതി ഡയറക്ടർ ഡോ. സഖറിയാസ് മാർ അപ്രേം അനുഗ്രഹപ്രഭാഷണം നടത്തും പ്രശസ്ത പിന്നണിഗായകൻ ജി. വേണുഗോപാൽ മുഖ്യപ്രഭാഷണം നടത്തും. . വൈദികട്രസ്റ്റി ഫാ.ഡോ. എം. ഓ. ജോൺ, ഫാ. ഡോ. ടി. ജെ. ജോഷ്വാ, അത്മായ ട്രസ്റ്റി ജോർജ്ജ് പോൾ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, കോട്ടയം ഭദ്രാസനസെക്രട്ടറി ഫാ. പി. കെ. കുറിയാക്കോസ്, പാമ്പാടി ദയറാ മാനേജർ ഫാ. മാത്യു. കെ. ജോൺ എന്നിവർ ആശംസകൾ അർപ്പിക്കും. ശ്രുതി പ്രസിദ്ധീകരിക്കുന്ന കൺവൻഷൻ ഗാനങ്ങൾ -2018 സി.ഡി. ചടങ്ങിൽ പ്രകാശനം ചെയ്യും. പിന്നണി ഗായകൻ ജി. വേണുഗോപാലിന് ഞാർത്താങ്കൽ എൻ. കെ. കോരുത് മലങ്കര മല്പാൻ പുരസ്ക്കാരം നൽകി ആദരിക്കും. പത്തനംതിട്ട രാജൻ, ദേശീയ ചലച്ചിത്ര അവാർഡ് ജേതാവ് പ്രമോദ് ജെ. തോമസ്, കഥാപ്രസംഗത്തിൽ അവാർഡ് കരസ്ഥമാക്കിയ നിരണം രാജൻ എന്നിവരെ ശ്രുതി അവാർഡ് നൽകി ആദരിക്കും. ഫാ. ഡോ. എം..പി. ജോർജ്ജ് ക്ലാസ്സിന് നേതൃത്വം നൽകും. പുതിയ ഗായകസംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും ശ്രുതിയുടെ പ്രസിദ്ധീകരണങ്ങൾ ലഭിക്കുന്നതിനും സംഗമത്തോടനുബന്ധിച്ച് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.